# KERALA AQUATIC ASSOCIATION

State Unit of Swimming Federation of India

Recognised by Kerala State Sports Council & Affiliated to Kerala Olympic Association

Hony. Life President
M. Vijayakumar (Former Minister)

President
S. Rajiv
(M) +919847720033

Hony. Secretary
T.S. Muraleedharan
(M) +919447219983

Hony. Treasurer
Muhammed Ali P.P
(M) +919447841066


## സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പ് 2025

14.10.2025

### പ്രസിദ്ധീകരണത്തിന്

കേരള അക്വാട്ടിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 14-മത് കേരള സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പ് ഒക്ടോബർ 18, 19 തീയതികളിൽ പത്തനംതിട്ട ജില്ലയിൽ തിരുവല്ല ബിലീവേഴ്സ് സ്വിമ്മിങ് പൂളിൽ വച്ച് നടത്തുന്നതാണ്. പത്തനംതിട്ട ജില്ലാ അക്വാട്ടിക് അസോസിയേഷനാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. വിവിധ ജില്ലകളെ പ്രതിനിധീകരിച്ച് 500 - ൽ പരം പുരുഷ - വനിതാ മാസ്റ്റേഴ്സ് താരങ്ങൾ മത്സരത്തിൽ പങ്കെടുക്കുവാൻ എത്തും. 25 വയസിനുമേൽ പ്രായമുള്ള നീന്തൽ താരങ്ങൾ 12 ഗ്രൂപ്പുകളിലായിട്ടാണ് മത്സരിക്കുന്നത്. മൊത്തം 2 റിലേ ഉൾപ്പെടെ 13 നീന്തൽ ഇനങ്ങളിലാണ് മത്സരങ്ങൾ ഉള്ളത്. ദേശീയ നീന്തൽ ഫെഡറേഷൻ നവംബറിൽ ഹൈദരാബാദിൽ നടത്തുന്ന ദേശീയ മാസ്റ്റേഴ്സ് നീന്തൽ മത്സരത്തിൽ പങ്കെടുക്കുന്ന കേരള താരങ്ങൾക്കുള്ള ക്വാളിഫയിങ് മത്സരങ്ങൾ കൂടിയാണ് ഈ സംസ്ഥാന നീന്തൽ മത്സരം. ദേശീയ മത്സരത്തിൽ പങ്കെടുത്ത് ക്വാളിഫയിങ് ആകുന്ന നീന്തൽ താരങ്ങൾക്ക് ലോക നീന്തൽ സംഘടന സംഘടിപ്പിക്കുന്ന ലോക മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും.

സംസ്ഥാന നീന്തൽ മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള മാസ്റ്റേഴ്സ് പുരുഷ - വനിതാ നീന്തൽ താരങ്ങൾ അവരുടെ എൻട്രികൾ ഒക്ടോബർ 15 നകം ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ എൻട്രികൾ അയക്കേണ്ട ലിങ്ക് https://forms.gle/ihvB8onogvBryGkt6 കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർ **8547470433** എന്ന നമ്പറിൽ ബന്ധപ്പെടുക.

മത്സരങ്ങളിൽ പങ്കെടുക്കുന്നവരുടെ വെരിഫിക്കേഷൻ 18 ന് രാവിലെ 8 മണിക്ക് ആരംഭിക്കും. മത്സരങ്ങൾ രാവിലെ 9.30 ന് തുടങ്ങും. 19 - ാം തീയതി വൈകുന്നേരം 3.30-നാണ് മത്സരങ്ങളുടെ സമാപനം.


**ടി. എസ്. മുരളീധരൻ**
**ജനറൽ സെക്രട്ടറി**
**കേരള അക്വാട്ടിക് അസോസിയേഷൻ**
**Ph. No. 9447219983**
**Office Ph. No. 8547470433**



"Karthika", CRA 337 (Ground floor), Choozhampala, Mukkolakkal Post, Thiruvananthapuram – 695043

+918547470433 keralaaquatics@gmail.com http://keralaaquaticassociation.org